# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024 – 25

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം.

## നിർദ്ദേശങ്ങൾ

- കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകൾ അലോട്ട്മെന്റ് പ്രക്രിയയിലൂടെയാണ് നികത്തപ്പെടുന്നത്.
- കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് **"കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് "** എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) **അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് സെപ്റ്റംബർ 7–ന് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.**
- **നിലവിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ എടുത്താൽ ONLINE T.C (ഓൺലൈൻ ടി.സി.) നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് മുൻ അലോട്ട്മെന്റുകളിൽ ലഭിച്ച അഡ്മിഷൻ നഷ്ടമാകുന്നതാണ്.**

- കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത കോളേജിൽ അഡ്മിഷൻ എടുത്തില്ല എങ്കിൽ അവരെ തുടർന്നുള്ള കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- നിലവിൽ അഡ്മിഷൻ എടുത്തവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ ലഭിച്ച കോളേജിൽ തൃപ്തരല്ലെങ്കിൽ നിലവിലെ അഡ്മിഷനിൽ തന്നെ തുടരാവുന്നതാണ്.
- കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും കോളേജിൽ ഹാജരാക്കേണ്ടതാണ്.

06/09/2024 രജിസ്ട്രാർ